**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ആയി നിയമിതയായ ശ്രീമതി. രജി. സി ഉണ്ണികൃഷ്ണന്റെ സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3578/2021/പൊ.വി.വ   തീയതി,തിരുവനന്തപുരം, 06/08/2021

---

പരാമർശം:-   1. പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ആയി നിയമിതയായ ശ്രീമതി. രജി. സി ഉണ്ണികൃഷ്ണന്റെ 09/02/2020 ലെ ഹർജി.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ ശ്രീമതി. രജി സി ഉണ്ണികൃഷ്ണനെ 08.03.2018 ന് അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി മാനേജരായ കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർ നിയമിച്ചു. ശ്രീമതി. രജി. സി. ഉണ്ണികൃഷ്ണന്റെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനുള്ള അപേക്ഷ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കുകയും ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ആയത് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുമുണ്ടായി.

(എ) ശ്രീമതി. രജി സി ഉണ്ണികൃഷ്ണന്റെ ജനനത്തീയതി 14.04.1977 ആണ്. ടിയാരിയെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിച്ചിരിക്കുന്നത് 08.03.2018-ൽ ആണ്. ശ്രീമതി. രജി സി ഉണ്ണികൃഷ്ണൻ ജനറൽ വിഭാഗത്തിൽ വരുന്നത് കൊണ്ട് നിയമന തീയതിക്ക് മുമ്പ് 40 വയസ്സ് പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ നിയമനത്തിന് അർഹതയില്ല.

(ബി) 2017-18 അദ്ധ്യയന വർഷം അവസാനിക്കുന്ന മാസത്തിൽ നിയമനം നടത്തിയത് അംഗീകരിക്കുവാൻ വ്യവസ്ഥയില്ല.

(സി) ജോലിയിൽ പ്രവേശിച്ച തീയതി തെളിയിക്കുന്ന പ്രധാനാദ്ധ്യാപികയുടെ

സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടില്ല.

(ഡി) മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടില്ല.

(ഇ) നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിരിക്കുന്നത് ശരിയായ

രീതിയിലല്ല.

2. എന്നാൽ താൻ ജോലിയ്ക്ക് അപേക്ഷിച്ചത് മാനേജർ 20.12.2017- ന് നൽകിയ പത്രപരസ്യം കണ്ടിട്ടാണ് എന്നും ആയതിനാൽ 01.01.2017 പ്രകാരം ആണ് ടിയാരിയുടെ പ്രായം കണക്കാക്കേണ്ടത് എന്നും ഈ പത്രപരസ്യ തീയതിക്ക് ടിയാരിയുടെ പ്രായം 39 വയസ്സും 8 മാസവും 18 ദിവസവും ആണ് എന്നതിനാൽ നിയമനാംഗീകാരം 08.03.2018 മുതൽ നൽകുവാൻ വയസ്സിളവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. രജി സി ഉണ്ണികൃഷ്ണൻ സർക്കാരിൽ ഹർജി സമർപ്പിച്ചു.

3. തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ശ്രീമതി. രജി സി ഉണ്ണികൃഷ്ണന്റെ ജനനതീയതി 14.04.1977 ൽ ആണ് എന്നും ഹർജിക്കാരിയെ നിയമിച്ചിരിക്കുന്നത് 08.03.2018- ലാണ് എന്നും കാണുകയും നിയമനം നടന്ന വർഷത്തെ ജനുവരി 1 ന് അനുവദനീയമായ പ്രായപരിധി കഴിഞ്ഞതിനാലും നിയമനം അക്കാദമിക വർഷത്തിന്റെ

അവസാന മാസത്തിലായതിനാലും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV(A) ചട്ടം 1(2) ലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരം പരിഗണിക്കാനാകാത്തതായതിനാൽ ഹർജിയിലെ ആവശ്യം നിരസിച്ച് 24.01.2019 ലെ സ.ഉ(സാധാ) നം. 323/19/പൊവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

4. എന്നാൽ തന്റെ ഭർത്താവിന് ഗുരുതരമായ കരൾ രോഗം ബാധിച്ചപ്പോൾ 01.08.2017 ൽ തന്റെ കരൾ അദ്ദേഹത്തിന് ദാനം ചെയ്തതാണെന്നും ഇക്കാര്യം കൂടി പരിഗണിച്ചാണ് തനിക്ക് ജോലി ലഭിച്ചതെന്നും കരൾ സ്വീകരിച്ച ഭർത്താവിനും ആരോഗ്യ പ്രശ്നങ്ങൾ കാരണം ജോലി ചെയ്യാനാവുന്നില്ല എന്നും ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കനത്ത കടബാദ്ധ്യത ഉള്ളതിനാൽ കുടുംബത്തിന് ആകെയുള്ള വരുമാന സ്രോതസ്സ് അദ്ധ്യാപക ജോലിയാണെന്നും ആയതിനാൽ ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധിയിൽ പ്രത്യേക ഇളവ് നൽകി തന്റെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം 08.03.2018 മുതൽ അംഗീകരിച്ച് നൽകണമെന്നും ഹർജിക്കാരി പരാമർശം ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ടി ചികിത്സാ സംബന്ധമായ രേഖകളും ടിയാൾ ഹർജിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ആയി നിയമിതയായ ശ്രീമതി. രജി. സി ഉണ്ണികൃഷ്ണന്റെ ടി സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്ത്, ആയത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഇതൊരു കീഴ്‌വഴക്കമാക്കരുതെന്ന കർശന നിബന്ധനയോടെ, ടിയാൾ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ നിയമിതയായ 08.03.2018 ൽ ടിയാൾക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചും പ്രസ്തുത തീയതി മുതൽ ടിയാളുടെ പ്രസ്തുത സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിലെ നിയമനം മറ്റെല്ലാവിധത്തിലും യോഗ്യമാണെങ്കിൽ അംഗീകരിച്ച് നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട് .
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, പാഠശാല സംസ്കൃത ഹൈസ്കൂൾ, ചിറ്റൂർ, പാലക്കാട്.
പ്രധാനാദ്ധ്യാപിക, പാഠശാല സംസ്കൃത ഹൈസ്കൂൾ, ചിറ്റൂർ, പാലക്കാട്.
ശ്രീമതി. രജി സി ഉണ്ണികൃഷ്ണൻ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ
പാഠശാല സംസ്കൃത ഹൈസ്കൂൾ, ചിറ്റൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 04-08-2021**

ഫയൽ നം. ബി1/136/2020/പൊ.വി.വ. ഇനം നം: 169

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ആയി നിയമിതയായ ശ്രീമതി. രജി സി ഉണ്ണികൃഷ്ണന് സർവ്വീസിൽ പ്രവേശിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നത്.

തീരുമാനം : ഇത് ഒരു കീഴ്വഴക്കമാക്കരുതെന്ന നിബന്ധനയോടുകൂടി, പ്രത്യേക കേസായി പരിഗണിച്ച് കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ബി1/136/20/പൊ.വി.വ. |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ബി) വകുപ്പ് |
| 3 | വിഷയം | : | പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ആയി നിയമിതയായ ശ്രീമതി. രജി. സി. ഉണ്ണികൃഷ്ണന് സർവീസിൽ പ്രവേശിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01.11.2020. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അല്ല.<br><br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | അനിൽ കുമാർ എസ്.വി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | എ.പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.07.2021. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | വി.ശിവൻ കുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26.07.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 02.08.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ആയി നിയമിതയായ ശ്രീമതി. രജി. സി ഉണ്ണികൃഷ്ണനു സർവീസിൽ പ്രവേശിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകികൊണ്ട് നിയമനാംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. പാലക്കാട് ജില്ലയിലെ ചിറ്റൂർ പാഠശാല സംസ്കൃത ഹൈസ്കൂളിൽ ശ്രീമതി. രജി സി ഉണ്ണികൃഷ്ണനെ 08.03.2018 ന് അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി മാനേജരായ കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർ നിയമിക്കുകയുണ്ടായി. ശ്രീമതി. രജി. സി. ഉണ്ണികൃഷ്ണന്റെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനുള്ള അപേക്ഷ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കുകയും ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ആയത് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുമുണ്ടായി :

(എ) ശ്രീമതി. രജി സി ഉണ്ണികൃഷ്ണന്റെ ജനനത്തീയതി 14.04.1977 ആണ്. ടിയാരിയെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിച്ചിരിക്കുന്നത് 08.03.2018-ൽ ആണ്. ശ്രീമതി. രജി സി ഉണ്ണികൃഷ്ണൻ ജനറൽ വിഭാഗത്തിൽ വരുന്നത് കൊണ്ട് നിയമന തീയതിക്ക് മുമ്പ് 40 വയസ്സ് പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ നിയമനത്തിന് അർഹതയില്ല.

(ബി) 2017-18 അദ്ധ്യയന വർഷം അവസാനിക്കുന്ന മാസത്തിൽ നിയമനം നടത്തിയത് അംഗീകരിക്കുവാൻ വ്യവസ്ഥയില്ല.

(സി) ജോലിയിൽ പ്രവേശിച്ച തീയതി തെളിയിക്കുന്ന പ്രധാനാദ്ധ്യാപികയുടെ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടില്ല.

(ഡി) മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടില്ല.

(ഇ) നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിരിക്കുന്നത് ശരിയായ രീതിയിലല്ല.

3. എന്നാൽ താൻ ജോലിയ്ക്ക് അപേക്ഷിച്ചത് മാനേജർ 20.12.2017- ന് നൽകിയ പത്രപരസ്യം കണ്ടിട്ടാണ് എന്നും ആയതിനാൽ 01.01.2017 പ്രകാരം

ആണ് ടിയാരിയുടെ പ്രായം കണക്കാക്കേണ്ടത് എന്നും ഈ പത്രപരസ്യ തീയതിക്ക് ടിയാരിയുടെ പ്രായം 39 വയസ്സും 8 മാസവും 18 ദിവസവും ആണ് എന്നതിനാൽ നിയമനാംഗീകാരം 08.03.2018 മുതൽ നൽകുവാൻ വയസ്സിളവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. രജി സി ഉണ്ണികൃഷ്ണൻ സർക്കാരിൽ ഹർജി സമർപ്പിച്ചു.

4. തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി. രജി സി ഉണ്ണികൃഷ്ണന്റെ ജനനതീയതി 14.04.1977 ൽ ആണ് എന്നും ഹർജിക്കാരിയെ നിയമിച്ചിരിക്കുന്നത് 08.03.2018- ലാണ് എന്നും കാണുകയും നിയമനം നടന്ന വർഷത്തെ ജനുവരി 1 ന് അനുവദനീയമായ പ്രായപരിധി കഴിഞ്ഞതിനാലും നിയമനം അക്കാദമിക വർഷത്തിന്റെ അവസാന മാസത്തിലായതിനാലും അംഗീകാരം പരിഗണിക്കാനാകാത്തതിനാൽ ഹർജിയിലെ ആവശ്യം നിരസിച്ച് 24.01.2019 ലെ G.O.(Rt) No. 323/19/G.Edn. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

5. എന്നാൽ ഭർത്താവിന് ഗുരുതരമായ കരൾ രോഗം ബാധിച്ചപ്പോൾ 01.08.2017 ൽ തന്റെ കരൾ അദ്ദേഹത്തിന് ദാനം ചെയ്തയാളാണ് താനെന്നും ഇക്കാര്യം കൂടി പരിഗണിച്ചാണ് തനിക്ക് ജോലി ലഭിച്ചതെന്നും കരൾ സ്വീകരിച്ച ഭർത്താവിനും ആരോഗ്യ പ്രശ് നങ്ങൾ കാരണം ജോലി ചെയ്യാനാവുന്നില്ല എന്നും ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കനത്ത കടബാദ്ധ്യത ഉള്ളതിനാൽ കുടുംബത്തിന് ആകെയുള്ള വരുമാന സ്രോതസ്സ് അദ്ധ്യാപക ജോലിയാണെന്നും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിച്ചുകൊണ്ട് സർവീസിൽ പ്രവേശിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധിയിൽ പ്രത്യേക ഇളവ് നൽകി കൊണ്ട് യു.പി.എസ്.ടി. നിയമനം 08.03.2018 മുതൽ അംഗീകരിച്ച് നൽകണമെന്നും ഹർജിക്കാരി ആവശ്യപ്പെടുകയുണ്ടായി.

6. ശ്രീമതി. രജി സി ഉണ്ണികൃഷ്ണന്റെ ഭർത്താവിന് കരൾ മാറ്റ ശസ്ത്രക്രിയക്ക് വിധേയനാകേണ്ടി വന്നതും സാമ്പത്തിക ഭാരമുള്ള തുടർ പരിചരണം ആവശ്യമാണെന്നതും കരൾ ദാതാവായത് ഹരജിക്കാരി തന്നെയാണെന്നതും ഉൾപ്പെടെയുള്ള സവിശേഷവും സഹതാപാർഹവുമായ സാഹചര്യങ്ങളും രണ്ടര വർഷമായി ജോലി ചെയ്തുവരുന്നതും പരിഗണിച്ച് ടിയാരിയുടെ നിയമനാംഗീകാരത്തിന്

ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകാവുന്നതാണെന്ന് ബഹു. മുൻ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശുപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഫയൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ശ്രീമതി. രജി സി ഉണ്ണികൃഷ്ണന്റെ സവിശേഷവും സഹതാപാർഹവുമായ സാഹചര്യങ്ങൾ പരിഗണിച്ച് ടിയാരിയുടെ നിയമനാംഗീകാരത്തിനുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകികൊണ്ട്, മറ്റു വിധത്തിൽ യോഗ്യമെങ്കിൽ നിയമനം അംഗീകരിക്കുവാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകാമോ ?